# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4899

5-2-2014-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിലെ പണി പൂർത്തിയാകാത്ത സ്തൂപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്: | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിന് മുന്നിൽ പണി പൂർത്തിയാകാത്ത സ്തൂപം നിലവിലുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അത് ആരുടെ സ്തൂപമാണ്, എന്നാണ് ഇത് പണി കഴിക്കുന്നതിനുള്ള തീരുമാനമെടുത്തത് ; ആരാണ് തീരുമാനിച്ചത്; | (ബി) ശ്രീ.കാനായി കുഞ്ഞിരാമന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ശില്പോദ്യാനത്തിന്റെ ഭാഗമായിട്ടുളള ശില്പമാണിത്. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണ സമിതി 19-6-2006 ലെ 31/2006 നമ്പർ തീരുമാന പ്രകാരമാണ് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയത്. |
| (സി) ഇതിനുളള ഫണ്ട് എവിടെനിന്ന് അനുവദിച്ചു; വിശദാംശങ്ങൾ നൽകുമോ; | (സി) പദ്ധതിയുടെ അടങ്കൽ തുകയായ 20 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ബാക്കി വരുന്ന 10 ലക്ഷം രൂപ സംഭാവന മുഖേനയും കണ്ടെത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്തിന് 2 ലക്ഷം രൂപ മാത്രമേ സംഭാവനയായി സമാഹരിക്കാൻ സാധിച്ചിട്ടുള്ളൂ. സ.ഉ. (സാധാ) നം. 1457/2010/തസ്വഭവ |

| | | | |
|---|---|---|---|
| | | | തീയതി 29-4-10 പ്രകാരം 8 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി. ശില്പ നിർമ്മാണ പ്രവർത്തനത്തിനിടെ ശില്പി വരുത്തിയ ഭാവനാപരമായ മാറ്റങ്ങൾ കാരണം പ്രവൃത്തിക്ക് 10 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട് എന്ന ശില്പിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ 6-8-12 ലെ 29/2012 നമ്പർ തീരുമാന പ്രകാരം സർക്കാർ അനുമതി തേടുകയും ആയതിന് സർക്കാർ കത്തു നം. 41437/ഡിബി/13/തസ്വഭവ തീയതി 26-6-2013 പ്രകാരം 10 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പണിനടത്തിയത് ആരാണ്; ആർക്കാണ് പണി നടത്തുന്നതിനുള്ള ചുമതല നൽകിയത്; | (ഡി) | പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയാണ്. പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമനാണ് പ്രവൃത്തി നടത്തുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത്. |
| (ഇ) | എത്ര കാലം കൊണ്ടാണ് ഇതിന്റെ പണി പൂർത്തിയാക്കേണ്ടിയിരുന്നത് ; ഇതിന്റെ പണി നിലച്ചതിനുള്ള കാരണം വ്യക്തമാക്കുമോ; നാളിതുവരെയായി ചെലവഴിച്ച തുകയുടെ വിശദവിവരം വെളിപ്പെടുത്തുമോ? | (ഇ) | 27-2-2009-ൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും കാനായി കുഞ്ഞിരാമനും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം ഒരു വർഷത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നതാണ്. പ്രശസ്ത ശില്പി ശ്രീ.കാനായി കുഞ്ഞിരാമൻ സംസ്ഥാന |

സർക്കാർ ഏല്പിച്ച മറ്റൊരു ശില്പ നിർമ്മാണത്തിന്റ തിരക്കിലായതിനാൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീ കരണത്തിനുശേഷം ജില്ലാ പഞ്ചായ ത്തിന്റെ പ്രവൃത്തി പൂർത്തീകരി ക്കുന്നതാണ്. നാളിതുവരെ പ്രസ്തുത പ്രവൃത്തിക്കായി 17,24,627/-രൂപ (പതിനേഴു ലക്ഷത്തി ഇരുപത്തി നാലായിരത്തി അറുന്നൂറ്റി ഇരുപത്തേഴ് രൂപ) ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ